# WAVES

## Digital Magazine

# SIHSS UMMATHUR

# WAVES

## Digital Magazine

2023 -26 Batch



# SI HIGHER SECONDARY SCHOOL UMMATHUR

PARAKKADAVU PO, NADAPURAM
KOZHIKODE DIST

എഡിറ്റോറിയൽ ബോർഡ്

ആയിഷ നസീർ കെ വി 9B ചീഫ് എഡിറ്റർ
സുദേവ് സുനിൽ 9D
ഇഷാന ഫാത്തിമ 9E
ഫാത്തിമ ബത്തൂൻ 9C
മുഹമ്മദ് മാസിൻ 9E
മുഹമ്മദ് ഫഹിം പി 9G
ഫാത്തിമ ഹനിയ്യ 9C
ആയിഷ എം വി 9E

ടി ബി മനാഫ് കൈറ്റ് മാസ്റ്റർ
വി പി ഷീബ കൈറ്റ് മിസ്ട്രസ്

# മുഖമൊഴി

വിവര സാങ്കേതിക വിദ്യയുടെ
അനന്ത സാധ്യതകൾ
അസാധ്യമായി എണ്ണിയിരുന്ന
പലതിനെയും
സാധ്യമാക്കിയിരിക്കുന്നു.
പുസ്തകത്താളുതളിൽ നിന്ന്
ഇ-താളുകളിലേക്ക് എഴുത്തും
വായനയും കടന്നിരിക്കുന്നു.
ഞങ്ങൾ കുട്ടികൾ എഴുതിയതും
വരച്ചതും എഡിറ്റ് ചെയ്തതുമായ
കഥകളും കവിതകളും ലേഖനങ്ങളും
ചിത്രങ്ങളുമാണ് ഇവിടെ
സർഗസൃഷ്ടികളായി
അവതരിപ്പിക്കുന്നത്.
വാക്കും വരയും സാങ്കേതികവിദ്യയും
സമഭാവത്തിൽ സമ്മേളിക്കുന്ന
ഈ ഡിജിറ്റൽ മാഗസിൻ
"Waves"
ഞങ്ങൾ സമർപ്പിക്കുന്നു

ലിറ്റിൽ കൈറ്റ്സ്
2023-26 ബാച്ച്



എന്തു ചൊല്ലേണ്ടൂ ഞങ്ങൾ
നന്ദിയോ കടപ്പാടോ യാത്രാമൊഴിയോ
മറക്കാനാകുമോ ഉയിരുള്ള നാൾ വരെ
ഉയരേകിയ ഉണർവ്വേകിയ
നിങ്ങൾ തൻ വാക്കുകൾ.
ഇനിയുള്ള ജീവിതയാത്രയിൽ
മൃദുലമായി തീരട്ടെ പാതകൾ
പ്രാർത്ഥിക്കുകയാണ് ഞങ്ങൾ
ആയുരാരോഗ്യസൗഖ്യത്തിനായി

ടീം ലിറ്റിൽ കൈറ്റ്സ്

# Message



I would like to convey my hearty congratulations on your new publication, with best regards

Pro: P Mammu Sahib
Manager

# *Message*



കുട്ടികളുടെ സർഗവാസനകളെ
പ്രോൽസാഹിപ്പിക്കുന്നതിനും
സൃഷ്ടിപരമായ കഴിവുകളെ പുറത്തു
കൊണ്ടുവരുന്നതിനും അവരിൽ
ആത്മവിശ്വാസം
വളർത്തുന്നതിനും
ഇത്തരം ഡിജിറ്റൽ മാഗസിനുകൾ
വലിയ പങ്ക് വഹിക്കുന്നുണ്ട്.
എഴുത്തും വരയും വർണങ്ങളും
കൊണ്ട് മനോഹരമാക്കിയ
ഈഡിജിറ്റൽ മാഗസിന്
എല്ലാ ഭാവുകങ്ങളും ........

പി ടി അബ്ദുറഹിമാൻ മാസ്റ്റർ
പ്രിൻസിപ്പൽ

# *Message*



കാലത്തിനൊപ്പം വളരുന്ന
സാങ്കേതികവിദ്യയിൽ
വൈദഗ്ധ്യവും അഭിരുചിയുമുള്ള
ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ
ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ
ഏറെ സഹായിക്കുന്നു..
ലിറ്റിൽകൈറ്റ്സ് 2023-26 ബാച്ചിന്റെ
നേതൃത്വത്തിൽ
ഒരു ഡിജിറ്റൽ മാഗസിൻ
പ്രസിദ്ധീകരിക്കുന്നു
എന്നതിൽ സന്തോഷിക്കുന്നു.
സാങ്കേതിക വിദ്യയുടെ നൂതനമായ
സംയോജനം കൊണ്ടും
സർഗസൃഷ്ടികൾ കൊണ്ടും
മനോഹരമാക്കിയ ഈ മാഗസിന്
എല്ലാവിധ ആശംസകളും

കെ കെ ഉസ്മാൻ മാസ്റ്റർ
ഹെഡ് മാസ്റ്റർ

# *Message*



Hello Team Waves

I would like to extend my heartfelt appreciation to the 'Little Kites' of SIHSS Ummathur for their incredible effort in creating Waves. Your digital magazine is a testament to your creativity, technical skills, and dedication to sharing knowledge and ideas.

It's inspiring to see young minds harnessing technology to express themselves and contribute to a vibrant digital space. Keep up the great work, and I look forward to seeing more amazing editions in the future....

Best wishes,

TK Khalid Master

First Assistant
&
Member Chekkiad Grama Panchayath

# Message



ഉമ്മത്തൂർ ഹയർസെക്കണ്ടറി
സ്‌കൂൾ ലിറ്റിൽ കൈറ്റ്സിന്റെ
ആഭിമുഖ്യത്തിൽ
"Waves" എന്ന പേരിൽ
ഒരു ഡിജിറ്റൽ മാഗസിൻ
പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ
ഏറെ സന്തോഷമുണ്ട്.
അതിരുകളില്ലാത്ത
അവസരങ്ങളുടെ ലോകത്തേക്ക്
കുതിച്ചുയരുന്ന
കൊച്ചുകൂട്ടുകാർക്കും
ഈ ഡിജിറ്റൽ മാഗസിനും
ആശംസകൾ അറിയിക്കുന്നു.

ജലീൽ കൊട്ടാരം
പ്രസിഡന്റ് PTA

## താളുകളിൽ.........


| | | |
|---|---|---|
| 1 | നഷ്ടങ്ങൾ | 12 |
| 2 | WHAT THE FUTURE HOLDS..... | 13 |
| 3 | അശാന്തിയുടെ മണിമാളിക | 14 |
| 4 | പറക്കാം വാനലോകത്തേക്ക് | 16 |
| 5 | എന്തിനി ഞാനിനി | 19 |
| 6 | LONELINESS | 20 |
| 7 | സൗഹൃദത്തിലും അപ്പുറം | 21 |
| 8 | ഒരു നിഴൽ | 22 |
| 9 | ശാസ്ത്ര വെളിച്ചവും കാത്ത് | 25 |
| 10 | വരകൾ വർണങ്ങൾ | 27 |
| 11 | ചിത്രശാല | 35 |



സജ ഫാത്തിമ K
10F

കവിത

# നഷ്ടങ്ങൾ

നഷ്ടങ്ങൾ ഒരുപാടുണ്ട്!
സ്വയം ഇറങ്ങിപ്പോയവ
അടർന്നുപോയ ഓർമ്മകളെ,
ചിതല് തിന്നു തീർക്കും മുമ്പേ, തിരിച്ച്
പിടിക്കാൻ ഉണ്ട്.
പിന്നെ
ഇന്നോളം നടന്നു കയറിയ
വഴികളിലെ പച്ചകളെ,
പിന്നെയും.
മൗനത്തിൻറെ ആഴമുള്ള
ഒരു കടലിനെ,
നീ തട്ടിയെടുത്ത, എന്റെ ഹൃദയത്തെ,
നാം കണ്ടുമുട്ടാറുള്ള തണലിലെ
പകലിനെ മുഴുവനായും.
അതേ നിറത്തിൽ
പഴയ പുസ്തകത്തിനുള്ളിൽ
സ്വയം ദ്രവിച്ചു പോയ
മാഞ്ഞുപോയ വാക്കുകളെ
മറന്നുപോയ ലിപികളെ
ചില്ലുകൾ കരഞ്ഞിട്ടും
ഉണരാത്ത വേരുകളെ
പച്ചയുടെ ഞരമ്പുകളെ
ഭ്രാന്തൻ ചിന്തകളിൽ പിടിക്കപ്പെടും
മുമ്പേ
തിരിച്ചുപിടിക്കണം അവസാനമായി
എന്നെത്തന്നെയും.

Poem

# WHAT THE FUTURE HOLDS...



Rizwana
8E

school, what is that?
never heard of it, never seen it!
heard my great grandma say, something about it!

it seems that,
they had maths, english
as subjects
"its 2048 grandma!"
i say to her oh,
but she doesnt listen oh,

it seems that,
they had mobile phones,.
i found one in the attic
god knows how it works!

Looks like the same old hologram today,
But in a nutshell ,
It seems

"oh good old , school days ..."
my grandma tells,
i wish i could get what she means,
if only i could go there too..,
to that wonderful place
That she says!

കഥ



**SAHALA P**
9D

# അശാന്തിയുടെ മണിമാളിക

നഗരങ്ങളിൽ നിന്ന് വിട്ടുനിന്നൊരു ഗ്രാമത്തിന്റെ ഒത്തനടുവിൽ ഒരു പഴക്കം ചെന്ന കൊട്ടാരം. അതിന്റെ ഉറപ്പും എടുപ്പും കൊണ്ട് തലയുയർത്തിപ്പിടിച്ചിരിക്കുകയാതോന്നും. സൂര്യൻ ആ ഭാഗത്തോട് പിണങ്ങി നിൽക്കുകയാണെന്നേ തോന്നൂ. നട്ടുച്ചവരെ സാധാരണ വെളിച്ചത്തിന്റെ പകുതി പോലും കിട്ടാത്ത ആ ഇരുൾ നിറഞ്ഞ പ്രദേശത്തേക്ക് നോക്കാൻ പോലും ആളുകൾ ഭയന്നിരുന്നു. ആ ഭയമാർന്ന കൊട്ടാരത്തെ ലക്ഷ്യമാക്കിക്കൊണ്ട് ഒരു മനുഷ്യൻ നടന്നു വരുന്നു. അവിടെയുള്ള ചെടികളും മരങ്ങളും പൂക്കളുമെല്ലാം അയാളെ ഉറ്റുനോക്കുകയാണെന്ന് തോന്നും. അയാളുടെ ഇരുണ്ടമുഖം നിർവികാരമായിരുന്നു. അയാളുടെ നീണ്ട മുടിയും താടിയും കാറ്റിൽ പാറിക്കളിച്ചു. അയാളുടെ ഓരോ അടികളും ഒരു ഘോരശബ്ദം പോലെ അന്തരീക്ഷത്തിൽ മുഴങ്ങി. അയാൾ വീടിന്റെ ഉമ്മറ വാതിൽക്കൽ എത്തി. ചുറ്റും നോക്കി. വാതിലുകൾ പതുക്കെ തുറന്നു. അതിനുള്ളിലെ പൊടി അയാളുടെ മൂക്കിലേക്കാഞ്ഞടിച്ചു. അയാളൊന്നാഞ്ഞു തുമ്മി. അയാൾ ഒരു പരിജ്ഞിതനെ പോലെ വേഗം അവിടെയുള്ള ഒരു സ്റ്റൂളിൽ ഇരുന്നു. അയാൾ അവിടെയുള്ള ഒരു ഫ്രെയിം എടുത്തു. അയാളുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. തന്റെ പോക്കറ്റിൽ നിന്ന് ഒരു തുണിയെടുത്ത് അയാൾ ആ ഫ്രെയിം തുടച്ചു. അതിലെ ചിത്രം തെളിഞ്ഞു വന്നു. അയാളുടെ കണ്ണുകൾ ഈറനായി. അയാളുടെ കണ്ണുനീർ ആ ഫ്രെയിമിൽ ഉറ്റിവീണു. അയാൾ ആ ചിത്രം തന്റെ മുഖത്തിന് സമാന്തരമായി വെച്ചു.

'എന്റെ വിദ്യാ.......'

പെട്ടെന്ന് അയാൾ അത് തന്റെ നെഞ്ചോട് ചേർത്തു ആർപ്പുവിളിച്ച് കരഞ്ഞു കൊണ്ടിരുന്നു.

'എനിക്ക് നീയില്ലാതെ ...... പറ്റുന്നില്ലാ..... '

അയാൾ ആവുന്നത്ര ഉച്ചത്തിൽ കരഞ്ഞു.

'നീ എന്നെ ഇത്രയേ സ്നേഹിച്ചിരുന്നുള്ളോ എന്നാ ഞാൻ അങ്ങനെയല്ല ഞാനെന്നും നിന്നെ ഒരുപാട് സ്നേഹിച്ചിട്ടേയുള്ളൂ. അത് കൊണ്ടല്ലേ എല്ലാരും നോക്കാൻ പോലും ഭയക്കുന്ന ഈ പ്രദേശത്തേക്ക് നിന്നെ കാണാൻ എല്ലാ വെള്ളിയാഴ്ച്ചയും ഞാൻ വര്ന്നേ നിന്നെ ഞാൻ അത്രയ്ക്കാ സ്നേഹിക്കുന്നത്.

പക്ഷെ എന്നെ ആരും മനസ്സിലാക്കുന്നില്ല. അവരൊക്കെ എന്നെ ഭ്രാന്തൻ എന്നാ വിശേഷിപ്പിക്കുന്നേ. അവരൊക്കെയും എന്നെ കുട്ടികളുടെ കഥകളിലെ വില്ലനാക്കുന്നു.

ഞാൻ ഈ കൊട്ടാരത്തിൽ വന്നാൽ അവർക്കെന്ത് ചേതം ?. അല്ലെങ്കിൽ തന്നെ ഞാൻ എന്റെ ജീവനെ കാണാൻ വരുന്നതല്ലേ നീ എന്നെ ഒരിക്കലും ഉപദ്രവിക്കില്ലെന്ന് അവർക്കറിഞ്ഞൂടെ. നിനക്കറിയോ നീ പോയ അന്ന് ഞാനെത്ര കരഞ്ഞെന്ന്.
അയാൾ പഴയ ഓർമകൾ അയവിറക്കിത്തുടങ്ങി.

വിദ്യയും ശഹീറും പ്രണയത്തിലാണന്നറിഞ്ഞത് മുതൽ നിന്റെ രണ്ടു കുടുംബവും നമ്മെ ശത്രുക്കളായി കണ്ടു. ഞാൻ നിന്നെയേ കെട്ടൂ എന്ന് വാശി പിടിച്ചപ്പോ നശിച്ച വേർതിരിവ് മതം അതായിരുന്നു അവരുടെ പ്രശ്നം. അവരെന്നെ വീട്ടിൽ നിന്ന് പുറം തള്ളി. നിന്നെ മുറിയിൽ പൂട്ടിയിട്ടിരിക്കുകയായിരുന്നു. അതറിഞ്ഞ ഞാൻ മുന്നും പിന്നും നോക്കാതെ നിന്റെ വീട്ടിൽ കയറി ചീത്തവിളിച്ചു. എന്നെ ഇവിടത്തെ ജോലിക്കാർ പിടിച്ചു വെച്ചു. ഒരു ഭ്രാന്തനെ പോലെ ഞാൻ ചിലച്ചു കൊണ്ടിരുന്നു. പിന്നെ ഞാൻ ജോലിക്കാരെ തെറുപ്പിച്ചു. നിന്റെ റൂം തുറന്നു. നിന്റെ കൈയ്യും പിടിച്ച് ഞാൻ ഓടി. പക്ഷെ എന്റെ ശ്രമം പരാജയപ്പെട്ടു. അവര് നിന്റെ ശിക്ഷ വിധിച്ചു കിണറ്റിലേക്ക് തള്ളുമ്പോ എനിക്ക് നോക്കി നിൽക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. അയാൾ കണ്ണുനീർ തുടച്ചു. അയാൾ ഒരു കടമ പോലെ ആ വീട് മുഴുവൻ വൃത്തിയാക്കി.

പിന്നെ അയാൾ ആ മാളിക വിട്ടിറങ്ങി ദൂരേക്ക് മറഞ്ഞു. അയാൾ ഒരിക്കൽ പോലും ആ ഫ്രെയിം തന്റെ കൂടെ കൊണ്ടുപോയില്ല. എന്നുംതന്നെ ആ മണിമാളികയിൽ വിദ്യയുടെ ഓർമകൾ തന്നെ കാത്തിരിക്കും എന്നയാൾ പ്രതീക്ഷിച്ചു.



FATHIMATHU RIZA K
10F

# പറക്കാം വാനലോകത്തേക്ക് ഒരു നല്ല തലമുറ സ്വപ്നം കണ്ട്

ആധുനികയുഗം മുൻകാലങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്ന കാര്യം വ്യക്തമാണ്. വർത്തമാനകാലത്തെ മനുഷ്യരുടെ ജീവിതശൈലി അതിന് ഏറ്റവും വലിയ തെളിവാണല്ലോ. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കുള്ളത് പോലെ ആയിരുന്നു ഓരോ വ്യക്തിയുടെയും ജീവിതശൈലിയിലും ദിനചര്യകളിലും വന്ന മാറ്റം.
ഇന്നത്തെ കാലത്തെ വിദ്യാഭ്യാസരീതി തൊഴിൽസമ്പ്രദായം എന്തിന് മനുഷ്യ ജീവൻ നിലനിൽക്കണമെങ്കിൽ പോലും ശാസ്ത്രത്തിന്റ ഉപയോഗം അനിവാര്യമാണ്. വിശറിയിൽ നിന്നും ഫാനിലേക്കും അലക്ക്കല്ലിൽ നിന്നും വാഷിംഗ് മെഷീനിലേക്കും മണ്ണെണ്ണ വിളക്കിൽ നിന്നും LED ബൾബിലേക്കും കത്തുകളിൽ നിന്നും മൊബൈൽ ഫോണിലേക്കും കാളവണ്ടികളിൽ നിന്ന് ഇന്ധന വാഹനങ്ങളിലേക്കുമുള്ള ശാസ്ത്രത്തിന്റെ കുതിപ്പ് അതിവേഗമായിരുന്നു എന്നത് അവ്യക്തമല്ലാത്ത ഒന്ന് തന്നെയാണ്. ശാസ്ത്രത്തിന്റെ സംഭാവനകൾ ചെറുതല്ല എന്ന് ചുരുക്കം. ചുരുങ്ങിയ കാലയളവിൽ ഉണ്ടായ ഈ മാറ്റങ്ങളിൽ ആൽബർട്ട് ഐൻസ്റ്റീൻ, ഐസക് ന്യൂട്ടൺ ഗലീലിയോ ഗലീലി തുടങ്ങിയ വലിയ വലിയ ശാസ്ത്രജ്ഞൻമാർക്കുള്ള പങ്ക് തട്ടിക്കളയാൻ സാധിക്കുന്നതല്ല. ഐൻസ്റ്റീൻ E = mc2 എന്നതിലൂടെ ശാസ്ത്രം തെളിയിച്ചപ്പോൾ ഇന്ന് നമ്മെ ഏറ്റവും കൂടുതൽ സ്വധീനിക്കുന്ന മൊബൈൽ ഫോൺ ഗലീലിയോ ഗലീലിയുടെ സംഭാവനയാണ്.

ഇന്നത്തെ കാലത്ത് നാം ഏറ്റവും കൂടുതൽ ആശ്രയിക്കുന്നതും നമ്മോട് അത്രയും കൂടുതൽ യോജിച്ചുചേർന്നതുമായ ഒന്ന്തന്നെയാണ് മൊബൈൽ ഫോൺ. മൊബൈൽ ഫോണിന്റെ ഉപയോഗം ഇന്ന് വളരെയധികം വർധിച്ചു വരികയാണ്. അത് എല്ലാ രീതിയിലും നമ്മെ സ്വാധീനിക്കുന്നു. സമയ പരിധിയില്ലാതെ സംശയനിവാരണവും വിരൽത്തുമ്പിൽ ഉത്തരങ്ങളും ഒക്കെ കുറഞ്ഞ നിമിഷങ്ങൾക്കുള്ളിൽ ലഭ്യമാണ്. ഇത്തരം സംവിധാനങ്ങൾ ഇന്ന് വളർന്നു വന്ന ശാസ്ത്രത്തിന്റെ സംഭാവനകൾ തന്നെയാണ്. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ലാപ് ടോപ് തുടങ്ങിയ ഈ ഇനത്തിൽ ഉൾക്കൊള്ളുന്നു. എന്തുതന്നെയായാലും ഇതിൻെറ ഉപയോഗം പരിമിതികൾ മറികടന്നുള്ള സാഹചര്യം വളർന്നുവരുന്ന സമൂഹത്തിൽ വലിയ തോതിൽ കാണപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. ഒരു വശത്ത് ഇങ്ങനെയുള്ളവയുടെ ഉപയോഗങ്ങൾ ഉപകാരങ്ങളായി മാറുമ്പോൾ മറുവശത്ത് ഉപദ്രവമായി മാറുന്നത് പരിഗണിക്കേണ്ട ഒന്ന്തന്നെയാണ് . ഇത്തരം ദുരുപയോഗങ്ങളിലൂടെ ഇവ ഓരോവ്യക്തിയേയും മാനസികമായും ശാരീരികമായും കാര്യക്ഷമമായി ബാധിക്കുന്നു

## സാങ്കേതികശാസ്ത്രത്തിന്റെ ദുരുപയോഗങ്ങൾ

### ശാരീരികമായുള്ള പ്രയാസങ്ങൾ

മൊബൈൽ ഫോൺ, ലാപ്ടോപ്പ് തുടങ്ങിയവയുടെ അമിത ഉപയോഗം ശാരീരികമായി വലിയ തോതിൽ ബാധിക്കുന്നു. പ്രധാനമായും ഇവ നമ്മുടെ നയനങ്ങളെയാണ് ബാധിക്കുന്നത്. അമിതമായുള്ള ഇവയുടെ ഉപയോഗങ്ങൾ നയനങ്ങളെ കാര്യമായി ബാധിക്കുന്നുണ്ട് അമിതമായുള്ള സ്ക്രീനിന്റെ മുമ്പിൽ നിന്നുള്ള ഉപയോഗം ശാരീരികമായി നമ്മെ ബാധിക്കുന്നത് ചെറിയതോതിൽ അല്ല എന്ന കാര്യം നാം ഓർത്തിരിക്കേണ്ട ഒന്ന് തന്നെയാണ്.

### മൊബൈൽ ഫോൺ ലാപ്ടോപ്പ് മുതലായവ നമ്മെ മാനസികമായി എങ്ങനെ ബാധിക്കുന്നു?

ആധുനികകാലത്ത് മൊബൈൽ തുടങ്ങിയവ മാനസിക സംഘർഷങ്ങൾക്ക് നമ്മെ വിധേയമാക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ട ഒന്ന് തന്നെയാണ്. വിവിധതരം ആപ്പുകളിലൂടെ പലതരം ചീത്ത സ്വഭാവങ്ങൾ ഉപഭോക്താക്കളിൽ സൃഷ്ടിക്കപ്പെടും. ഇത് പിന്നീടവരെ മാനസികമായി വലിയ തോതിൽ ബാധിച്ചേക്കാം.
ഇന്റർനെറ്റിലൂടെയുള്ള ചില മോശമായ കൂട്ടുകെട്ടുകൾ മികച്ചപ്പോഴും ഒരു വലിയ പ്രശ്നം സൃഷ്ടിച്ചേക്കും. പിന്നീട് അത് വ്യക്തികളുടെ മാനസിക നിലയെ ബാധിക്കുന്നതിലൂടെ അവർ ഒരു മാറാരോഗികളായി മാറുന്നു. ഇത് പ്രത്യേകിച്ചും കൗമാരപ്രായക്കാരെയാണ് സ്വാധീനിക്കുന്നത്. വിവിധതരത്തിലുള്ള മോശമായ ആപ്പിലൂടെയും മറ്റും ഇവ അവരെ തെറ്റുകളിലേക്ക് നയിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. കൂടാതെ അമിതമായുള്ള ചില ഗെയിമുകളുടെ ഉപയോഗവും കൗമാരപ്രായക്കാരുടെ മാനസികനിലയെ ബാധിക്കുന്നു. തുടക്കത്തിൽ എല്ലാം ഒരു ആനന്ദവും വിനോദവും ആയി തോന്നുമെങ്കിലും പിന്നീട് അതൊക്കെ അവരുടെ നിയന്ത്രണത്തിനും അപ്പുറം കടക്കുമ്പോൾ ഒരുവട്ടം തിരിഞ്ഞ് ജീവിതത്തിലേക്ക് പ്രവേശിക്കാൻ അവർക്ക് സാധിക്കാറില്ല. അതുകൊണ്ടുതന്നെ ഇന്റർനെറ്റും മറ്റ് ടെക്നോളജികളും ആത്മഹത്യ പോലുള്ള ദൂഷിച്ച കർമ്മങ്ങളിലേക്ക് നയിക്കുന്നു.

ഇന്ന് നാം ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന മറ്റൊന്നാണ് AI അഥവാ കൃത്രിമ ബുദ്ധി (Artificial intelligence ) വളരെ അടുത്തായി നമ്മുടെയൊക്കെ ജീവിതക്രമത്തിൽ തന്നെ ഒരു വലിയ മാറ്റം സൃഷ്ടിക്കാൻ AI ക്ക് സാധിച്ചിട്ടുണ്ട് 1965ലാണ് ഈ ഒരു വാക്ക് ജോൺ മക്കാർത്തി ആദ്യമായി ഉച്ചരിച്ചത് 1956ൽ ഡൗർട്ട് മൗത്ത് കോളേജിൽ നടന്ന ഒരു സമ്മേളനത്തിൽ വച്ചാണ് ഇതിന്റെ ഔപചാരികമായ തുടക്കം കുറിക്കുന്നത്. പിന്നീടങ്ങോട്ട് നടത്തിക്കൊണ്ടിരുന്ന പരീക്ഷണങ്ങളിലൂടെയും ഗവേഷണങ്ങളിലൂടെയും പലതരം സംഭാവനകൾ ലോകത്തിനു സമ്മാനിക്കാൻ എഐ എന്ന ശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട ഒരു ശാഖയ്ക്ക്  സാധിച്ചു. ഇത് വ്യവസായത്തിലും അക്കാദമിയിലും ഉള്ള നിരവധി വെല്ലുവിളികൾനിറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു.

ശാസ്ത്ര സമ്മാനങ്ങൾ എങ്ങനെ ഒരു വെല്ലുവിളിയായി മാറുന്നു.? അതിനഭിമുഖീകരിക്കാനും കൃത്യമായ പരിഹാരങ്ങൾ കണ്ടെത്താനും നാം ചെയ്യേണ്ടവ എന്തൊക്കെ?

ആദ്യമായി മുമ്പ് സൂചിപ്പിച്ചതുപോലെ മൊബൈൽ ഫോണുകളുടെയും ഇൻറർനെറ്റുകളുടെയും അമിതമായ ദുരുപയോഗങ്ങളാണ് ഒരു വ്യക്തിയെ മോശവും നല്ലതുമായി ചിത്രീകരിക്കുന്നത്. അതുകൊണ്ടുതന്നെ എങ്ങനെ ഇവയെ ഒരു സഹായവും എളുപ്പവുമായി കാണുന്നതിനപ്പുറം എങ്ങനെ നല്ല രീതിയിൽ ഉപയോഗിക്കാം എന്ന് വേണം ഒരു വ്യക്തിയിൽ മനസ്സിലാക്കി കൊടുക്കേണ്ടത്.
ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കണ്ടെത്താം?

കൗമാരക്കാരിൽ രൂപീകരിക്കപ്പെടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ അവരുടെ മാനസികനില പരിഗണിക്കേണ്ടത് അത്യാവശ്യമാണ്. അവരിൽ ഇത്തരം കാര്യങ്ങളുടെ പിന്നിൽ ഉണ്ടാകുന്ന ആഫ്റ്റർ എഫക്ട്കളെ പറ്റി ബോധം സൃഷ്ടിക്കൽ അനിവാര്യമാണ്. വിവിധ രീതിയിലുള്ള ബോധവൽക്കരണ സദസ്സുകളും ക്ലാസ്സുകളും അവർക്ക് നൽകണം ഇനി ഇത്തരം പ്രശ്നങ്ങളിൽ അകപ്പെട്ടവരാണെങ്കിൽ അവർക്ക് അതിന് ഉചിതമായ കൗൺസിലുകൾ നൽകണം. അവരിൽ അടിച്ചേൽപ്പിക്കുന്നതിന് പകരം കാര്യങ്ങൾ സമാധാനപരമായും മയത്തിലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കണം. എന്തിനും അവരുടെ കൂടെ ഉണ്ടാകണം. ഇനി യുവതലമുറകളിൽ രൂപീകരിക്കപ്പെടുന്ന മുകളിലത്തെ കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം അവരിൽ നഷ്ടപ്പെട്ട കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നമുക്ക് സാധിക്കണം തൊഴിൽ നഷ്ടമാണ് കുട്ടുതലും യുവാക്കളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്നത് അതുകൊണ്ടുതന്നെ യോജിച്ച പരിഹാരങ്ങൾ കണ്ടെത്തി നൽകാൻ നമുക്ക് സാധിക്കണം. നല്ല രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ ഒരു നിമിഷംകൊണ്ട് ശാസ്ത്രം നമ്മെ വാനലോകത്തേക്ക് പറത്തിയേക്കാം.

കവിത



FAHIMA P
10G

# എന്തിനി ഞാനിനി

പ്രഭാതത്തിൻ മിഴികൾ
തുറന്ന ഞാൻ കണ്ടത്
മിഴികൾ തുറക്കാൻ
കഴിയാത്തെന്നമ്മയെ
അമ്മയില്ല അച്ഛനില്ല കൂട്ടരില്ല
നാട്ടുകാരാണെ പാതി മാത്രം
കണ്ണിൽ ചോരയില്ലാ മനുഷ്യന്
ചോര ചിന്താനെന്തിന് തിടുക്കം
എന്തിനീ ഞാനിനി
എന്തിനീ ഞാനിനി
എന്തിനാണീ പാപഭൂമിയിൽ

Poem



FATHIMATHUL HADIYA
10F

# LONELINES

He is alone in a hut
Sunlight comes to his eyes
And disturb his sleep
He wake up slowly and goes out
He had a cute dog
He loves and treats him like a baby
He carries him wherever he goes
The dog wait for him When he goes out
They play together
The dog comforts him everytime
He hugs  the dog when he feel happy
He share all his experiences to him
The dog shake  his head and tail
One day he can't fonnd the dog
He felt alone in his hut
He sat in a nook of his hut
And thinks about their happy  days
And tears comes out
Through his wrinkled eyes
He don't feel alone
When the dog was around him
Today he was alone.



സംവൃത മനോജ്
10D

കവിത

# സൗഹൃദത്തിലും അപ്പുറം

ഓരോരോ കാഴ്ചകൾ
ഓരോരോ ഓർമ്മകളാകുന്നു
ഹൃദയത്തിലേക്കാഴ്ന്നിറങ്ങും വിധം
ഹൃദയസ്പർശിയാകുന്നു
അപ്രതീക്ഷിതമായോരു
സന്ധ്യയിൽ
കോഴിഞ്ഞു പോയോരു
മൊട്ടുകൾക്കിടയിലൂടെ
ഞാൻ കാണുന്നു....
ഞാനാരെന്നോ നീയാരെന്നോ
ചോദിക്കാതെ
സൗഹൃദത്താൽ കരൾ നിറഞ്ഞ്
സംതൃപ്തമാകുന്നു
അന്നേകി ഞാനൊരു വാഗ്ദാനം.
സുഹൃത്തേ,
മരണത്തിനപ്പുറമുള്ളൊരു
ചില്ലയിലും
തങ്ങൾക്കൊരുമിച്ച് പാർത്തിടാം!

കഥ



ജുബൈരിയത്ത് ടി കെ
10F

# ഒരു നിഴൽ

ഏറെ സമയത്തെ മൂകതയ്ക്ക് ശേഷം ഞാനൊന്ന് ദീർഘമായി നിശ്വസിച്ചു. എന്റെ ഏകാന്തത ശ്വാസം മുട്ടിക്കുന്നു. പുറത്ത് ഭയങ്കര തണുപ്പാണ്. കൂടെ തണുത്ത ഇളങ്കാറ്റും. ഞാൻ എഴുന്നേറ്റ് ജനലിനരികിലേക്ക് നടന്നു. ഇരുട്ട് നിറഞ്ഞ ആ വഴിയിൽ ഒന്ന് നടക്കാൻ തീരുമാനിച്ചു. ഒരുപാട് നേരം നടന്നു. ഒരു തട്ടുകടയുടെ അടുത്ത് എത്തി. ചുറ്റും അപരിചിതരായിരുന്നു. പെട്ടെന്നായിരുന്നു ഒരാളെ കണ്ടത് അലസമായ രൂപത്തിൽ മറ്റെങ്ങോട്ടോ നോക്കി അയാൾ നിൽക്കുന്നു. അയാളുടെ കണ്ണുകളിൽ സങ്കടം തളംകെട്ടി നിൽക്കുന്നുണ്ടായിരുന്നു. ഡൽഹി പോലെയുള്ള വലിയ പട്ടണത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരാളെ ഞാൻ കാണുന്നത്.

"തുമാരാ നാം ക്യാ" വളരെ വിനയത്തോടെ ഞാൻ അയാളോട് ചോദിച്ചു. ഒരു നിരാശയോടെ അയാൾ രാമൻ എന്ന് മറുപടി പറഞ്ഞു. മലയാളിയാണോ എന്ന് എന്റെ ചോദ്യത്തിന് അയാൾ സന്തോഷപൂർവ്വം അതെ എന്ന് തലയാട്ടിയ ശേഷം തണുത്ത് വിറയ്ക്കുന്ന രാമേട്ടന് ഞാൻ കോട്ട് ഊരി കൊടുത്തു.

ഞാൻ അഖിൽ. ഇവിടെ അടുത്തുള്ള ഒരു സ്റ്റുഡിയോയിൽ ആണ് ജോലി. ഞാൻ നിങ്ങളെ ആദ്യമായിട്ടാണ് ഇവിടെ കാണുന്നത്. പുതിയതാണോ. ചൂടുള്ള ആ ചായ ഒരു ഇറക്ക് കുടിച്ച് കൊണ്ട് അയാൾ പറഞ്ഞു. ഇവിടെ ആദ്യമായി അല്ല പക്ഷേ ആദ്യമായിട്ടാണ്. എനിക്ക് ഒന്നും മനസ്സിലായില്ല ഞാൻ രാമേട്ടന്റെ മുഖത്തേക്ക് സൂക്ഷിച്ച് നോക്കി.

20 വർഷമായി ഞാൻ ഇവിടെയാണ് ഇപ്പോൾ എനിക്ക് വയസ്സ് 50 നിന്റെ ഈ പ്രായത്തിലുള്ള ഒരു മകൻ കാരണമാണ് ഞാൻ ഇങ്ങനെ ആയത്. കഴിഞ്ഞ മൂന്നുവർഷം മുമ്പായിരുന്നു ഞാൻ ഡൽഹി വിട്ട് നാട്ടിലേക്ക് പോയത് ഒരു മാസത്തിനുള്ളിൽ മകളുടെ കല്യാണം കഴിഞ്ഞു. അതും ഗംഭീരമായി. സമാധാനത്തോടെയും സന്തോഷത്തോടെയും കുടുംബത്തോടൊപ്പം താമസിക്കാൻ ആഗ്രഹിച്ച എനിക്ക് ഇത് ഒരു തിരിച്ചടിയായിരുന്നു. വീണ്ടും കടബാധ്യതയായി. എന്നിട്ടും മകന്റെയും ഭാര്യയുടെയും അഹങ്കാരത്തിന് അതിരില്ല. കടബാധ്യത മൂലം ജയിലിൽ പോകുമെന്ന് അറിയിച്ചപ്പോൾ ഉടനെ തിരിച്ചുവന്നു. ജോലി വിരമിച്ചു പോയ എനിക്ക് ജോലി കിട്ടാൻ ഒരുപാട് കഷ്ടപ്പെടേണ്ടി വന്നു.

എന്നാലും എന്റെ വീടും സ്ഥലവും കടക്കാർ അവകാശം വെച്ച് കഴിഞ്ഞിരുന്നു. ഭാര്യ വീട്ട്ജോലിക്ക് പോകാൻ തുടങ്ങി. മകൻ അവളുടെയും അവന്റെ ഭാര്യയുടെയും സ്വർണ്ണം വിറ്റ് നാടുകടന്നു. ഞങ്ങളുടെ കുടുംബം നാശത്തിലായി. ഇപ്പോൾ നാട്ടിൽ നിന്ന് വിളിക്കുമ്പോൾ ഭാര്യക്ക് എന്റെ മകനെ കണ്ടാൽ മതി എന്ന്. ഇന്നലെ രാത്രി എന്റെ ഭാര്യ വീണ്ടും വിളിച്ചിരുന്നു. മകന്റെ ഭാര്യക്ക് വയറ്റിൽ ഒരു വേദന. കാണിച്ചപ്പോൾ അവളുടെ അസുഖം..... എനിക്ക് പറ്റുന്നില്ല... എന്റെ മകൾ..... രാമേട്ടൻ പൊട്ടിക്കരഞ്ഞു പോയി. അവളുടെ അവസാന ആഗ്രഹം എന്റെ മകനെ കാണണം. വൈകിട്ട് എന്നെ അവൾ വിളിച്ചിരുന്നു. "അച്ഛാ ഏട്ടൻ എപ്പോഴാ വരിക ഞാൻ പെട്ടെന്ന് തന്നെ മരിക്കും അച്ഛനും അമ്മയും വേണം ഒരു കുറവും കൂടാതെ കുഞ്ഞിനെ നോക്കാൻ " ചങ്ക് പൊട്ടിപ്പോയി. മറുപടി പറയാൻ എനിക്കായില്ല.

രാമേട്ടനെ സമാധാനിപ്പിക്കാൻ ഞാൻ ഒരു കാര്യം പറഞ്ഞു. നമുക്ക് നിങ്ങളുടെ മകനെ കണ്ടുപിടിച്ചാലോ? ഒരു അവിശ്വാസത്തോടെ രാമേട്ടൻ എന്റെ കണ്ണുകളിലേക്ക് നോക്കി ഞാൻ അതേ എന്ന് തലയാട്ടി. എന്നെ കെട്ടിപ്പിടിച്ച് അനുഗ്രഹിച്ചു. രാവിലെ തന്നെ ഞാൻ ആനന്ദിനെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. ഡൽഹിയിലെ ഈ ജീവിതത്തിൽ ആകെയുള്ള കൂട്ട് ഇവനാണ്. രാമേട്ടന്റെ കാര്യങ്ങൾ ഇവനോട് പറഞ്ഞപ്പോൾ അവന്റെ പ്രതികരണം എടാ അഖിലേ ഇത് വേണോ നിനക്ക് നിന്റെ ജീവിതത്തിൽ തന്നെയുണ്ട് ഒരുപാട് കാര്യങ്ങൾ ചെയ്ത് കൂട്ടാൻ. എന്തോ എനിക്ക് രാമേട്ടനെ സഹായിക്കാതിരിക്കാൻ വയ്യാതായി. എനിക്ക് രാമേട്ടന്റെ സ്നേഹം ലഭിച്ചു മോനെ എന്ന് മാത്രമായിരുന്നു എന്നെ വിളിച്ചിരുന്നത്. ഞങ്ങൾ ആദ്യം അന്വേഷിച്ചത് റെയിൽവേയിലാണ് പലരോടും മുഖരൂപവും പറഞ്ഞ് രാമേട്ടൻ നടന്നു. കാരണം ഫോട്ടോ ഉണ്ടായിരുന്നില്ല. ഒടുവിൽ ഉച്ചഭക്ഷണത്തിനായി ഒരു ഹോട്ടലിൽ കയറി. ജീവിതം മടുത്തുവരുന്നു എന്ന് അറിയാതെ ഞാൻ പറഞ്ഞു പോയി. മോനെ ജീവിതം ഈ ഊണ് പോലെയാണ്. എല്ലാതരം കറികൾ ഉണ്ടായാൽ എന്ത് രസമാണ് .അതുപോലെ സങ്കടവും സന്തോഷവും സങ്കടം ഇണക്കവും പിണക്കവും ഉണ്ടായിരിക്കണം.എന്നാൽ മാത്രമേ അത് ജീവിതമാവുകയുള്ളൂ. ഭക്ഷണം കഴിച്ച ഉടനെ അന്വേഷണം തുടർന്നു. രാപകലില്ലാതെ തുടർച്ചയായ ഒരാഴ്ച. അതിനോടകം രാമേട്ടന് എന്റെ മനസ്സിൽ ഒരു വലിയ സ്ഥാനം ലഭിച്ചിരുന്നു. അവസാനമായി ഞാൻ രാമേട്ടനോട് ഒരു കാര്യം പറഞ്ഞു. പോലീസിൽ ഏൽപ്പിച്ചാൽ എന്തേ രാമേട്ടാ, എന്തോ അതിനു താല്പര്യം ഇല്ലാത്ത രീതിയിലായിരുന്നു രാമേട്ടന്റെ സംസാരം. ഒടുവിൽ നാളെ സ്റ്റേഷനിൽ പോകാമെന്ന് പറഞ്ഞ് കൊണ്ട് പിരിഞ്ഞു. രാവിലെ മുതൽ വിളിക്കുന്നു. ഫോൺ എടുക്കുന്നില്ല. ഒടുവിൽ രാമേട്ടൻ താമസിക്കുന്ന സ്ഥലത്തേക്ക് പോയി. ഒരു ചെറിയ വീടാണ്. ചിരിച്ചുകൊണ്ട് നടക്കുന്ന എന്റെ മുഖം മങ്ങി. ആ വീടിന് ചുറ്റും ആളുകൾ .. പലരും എന്തൊക്കെയോ പറയുന്നുണ്ട്. ഒടുവിൽ വീടിന്റെ ഉള്ളിൽ കയറി. ആ കാഴ്ച എന്നെ ഞെട്ടിച്ചു. നിശ്ചലമായ ശരീരം. രാമേട്ടൻ പോയി എന്റെ ഹൃദയം എന്തെന്നില്ലാതെ പിടച്ചു. ഒരു കുടുംബം കാത്തു നിൽക്കുന്ന ഒരു നിധിയാണ്. എന്ത് പറയും അവരോട്. രാമേട്ടന്റെ മൃതദേഹം ഉടനെ നാട്ടിലേക്ക് എത്തിക്കാൻ തീരുമാനിച്ചു. കൂടെ ഞാനും ആനന്ദും പോയി.

കേരളത്തിലെ ആലപ്പുഴ ജില്ലയിലെ ഒരു കൊച്ചുഗ്രാമത്തിലൂടെയാണ് ആംബുലൻസ് സഞ്ചരിച്ചുകൊണ്ടിരുന്നത്. ഒടുവിൽ ആ വീടെത്തി. മൃതദേഹം വീട്ടിന് മുന്നിൽ ഇറക്കി. ഞാൻ വാഹനത്തിൽ നിന്ന് ഇറങ്ങിയില്ല. കാരണം ആ കാഴ്ച കാണാൻ ഞാൻ ആഗ്രഹിച്ചില്ല . ഒടുവിൽ ഞാൻ ഇറങ്ങിയപ്പോൾ സ്ഥലവും പ്രദേശവും എവിടെയോ മറന്നുപോയത് പോലെ. "മോനെ..". അകലെ നിന്ന് പെട്ടെന്നായിരുന്നു ആ വിളി. രണ്ടുപേർ വന്ന് എന്നെ കെട്ടിപ്പിടിച്ചു. അതും സ്ത്രീകൾ. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ആനന്ദിനെ നോക്കി. അവന്റെ മുഖത്ത് പേടിയും സങ്കടവും കലർന്ന ഒരു മുഖഭാവം.

ആരാ ? " എന്താ മോനെ ഞാൻ നിന്റെ അമ്മയാടാ നിന്റെ അച്ഛൻ പോയെടാ... " അതിൽ ഒരു ഞെട്ടലോടെയാണ് ആനന്ദിനെ നോക്കിയത്.

എന്നെയും ആ രണ്ട് സ്ത്രീകളെയും കൂട്ടി ആനന്ദ് മാറിനിന്ന് സംസാരിച്ചു തുടങ്ങി. അഖിൽ നീ ഇത്രനാളും സംസാരിച്ചു രസിച്ചിരുന്ന രാമേട്ടൻ നിന്റെ അച്ഛനാണ്. ഇത് നിന്റെ അമ്മയും ഭാര്യയും. നീ ഒരു ആക്സിഡന്റ് സംഭവിച്ചതിനുശേഷം ആണ് എന്റെ ഹോസ്പിറ്റലിൽ വന്നത്. ഒരു സഹോദരനെ പോലെ ഞാൻ നിന്നെ ചികിത്സിച്ചു. നിന്റെ തലയിൽ നല്ല പരിക്ക് ഉള്ളതുകൊണ്ടുതന്നെ ഓർമ്മ നഷ്ടപ്പെട്ടിരുന്നു. നീ ആരാണെന്ന് ഓർമ്മിപ്പിച്ചാൽ ചിലപ്പോൾ നിന്റെ ജീവന് തന്നെ അത് ആപത്താവും. അതുകൊണ്ടാണ് നിന്റെ പഴയ ഡയറിയിൽ ഉള്ള ഒരു നമ്പറിൽ വിളിച്ച് നീ എവിടെയാണെന്നും നിന്റെ അവസ്ഥ എന്താണെന്നും അച്ഛനെ വിളിച്ച് ഞാൻ പറഞ്ഞത് . അപ്പോൾ ഒരു ആഗ്രഹം മാത്രമാണ് അച്ഛൻ പറഞ്ഞത്. മകനോടൊപ്പം കുറച്ചു സമയം ചെലവഴിക്കാനാണെന്ന്. നിന്റെ അച്ഛന് ക്യാൻസർ ആയിരുന്നു. അല്ലാതെ നിന്റെ ഭാര്യക്ക് ഒരു കുഴപ്പവുമില്ല . അച്ഛൻ നിന്റെ നാട്ടിലെ ഒരു കൃഷിക്കാരനാണ്. നിന്നെ കാണാൻ വേണ്ടി മാത്രമാണ് ഡൽഹിയിൽ വന്നത്.

ആനന്ദിന്റെ സംസാരം അഖിലിന്റെ സമനില തെറ്റിച്ചു. കൊച്ചുകുട്ടികളെ പോലെ അവൻ വാവിട്ടു കരഞ്ഞു അമ്മയും ഭാര്യയും സമാധാനിപ്പിച്ചു അച്ഛന്റെ സംസ്കാരക്രിയകൾക്ക് ശേഷം അവൻ ഒരു മുറിയിൽ തനിച്ചിരുന്നു. തന്റെ കൂടെ ഒരു നിഴൽ പോലെ ഉണ്ടായിരുന്ന തന്റെ അച്ഛനെ തനിക്ക് മനസ്സിലായില്ലല്ലോ എന്നത് അഖിലിനെ സങ്കടത്തിൽ ആഴ്ത്തി. അപ്പോഴാണ് അച്ഛന്റെ ഷർട്ടിനുള്ളിൽ നിന്ന് ഒരു പേപ്പർ കിട്ടിയത്. മരിക്കുന്നതിന്റെ രാത്രി അച്ഛൻ എഴുതിയതാണ്.

" ഇന്ന് ഞാൻ വളരെ സന്തുഷ്ടനാണ്. എന്റെ മകനോടൊപ്പം ഒരുപാട് സമയം ചെലവഴിച്ചു. അറിയാതെ അവന്റെ കൂടെ ഒരാളായോളം ഒരു നിഴലായി നടന്നു". മനസ്സ് വീണ്ടും അസ്വസ്ഥമായി. ഏകാന്തതയെ കൂട്ടുപിടിച്ച് ജനലരികിൽ നിന്ന് പുറത്തെ കാഴ്ചകളെ നോക്കിനിന്നു. ഒരു ഇളം ചൂട്കാറ്റ് അഖിലിനെ തലോടി പോയി. ഒരുപക്ഷേ അത് ചിലപ്പോൾ അച്ഛന്റെ തലോടൽ ആവാം.



**SALONI R DINESH**
**10D**

# ശാസ്ത്രവെളിച്ചവും കാത്ത്

ശാസ്ത്രവും സാങ്കേതിക വിദ്യയും ഇത്രയധികം പുരോഗതി കൈവരിച്ച ഈ കാലത്ത് അന്ധവിശ്വാസവും അനാചാരവും നമ്മുടെ കൊച്ചു കേരളത്തിൽ വർദ്ധിച്ചു വരികയാണ്. നമ്മുടെ സമൂഹത്തിൽ അത് വളരെ അധികം വളർന്നു കഴിഞ്ഞിട്ടുമുണ്ട്. ഐശ്വര്യവും സമ്പത്തും ലഭിക്കുമെന്നും മറ്റും വിശ്വസിച്ച് പരസ്പരം കൊല്ലാൻ പോലും മടി കാണിക്കാത്ത സമൂഹത്തിൽ ആണ് നമ്മൾ ഇന്ന് ജീവിക്കുന്നത്.

ഇന്നലെകളിൽ നിന്ന് കേരളം വളരെയധികം മുന്നോട്ടു നീങ്ങിയിരിക്കുന്നു, എന്നാൽ ആ ഇന്നലെകൾ എവിടെയൊക്കെയോ ഇന്നും പ്രതിഫലിക്കുന്നുണ്ട്. സമൂഹത്തിൽ ഇറങ്ങി ചെന്നാൽ അത് നമുക്ക് എളുപ്പം മനസ്സിലാവുന്നതേ ഉള്ളൂ. ശാസ്ത്രപരമായും സാങ്കേതികപരമായും കേരളം മുന്നോട്ട് കുതിക്കുമ്പോഴും അന്ധവിശ്വാസവും അനാചാരവും കൂടി വരികയാണ്. ക്രൂരമായ ഒരു നരബലി കേരളം ഈയിടെ സാക്ഷ്യം വഹിച്ചതാണ്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥകളെ വിലവയ്ക്കാത്തത് കൊണ്ടാണോ അതോ വിദ്യാഭ്യാസ മേഖലയിലെ അപാകത കൊണ്ടാണോ നമ്മുടെ നാട്ടിൽ ഇത്തരം സംഭവങ്ങൾ നാം കാണേണ്ടി വരുന്നത്?

മത സൗഹാർദ്ധത്തോടെ ജീവിക്കുന്ന നാടാണ് നമ്മുടേത്.എന്നാൽ ഒരു മതവും മനുഷ്യരെ അന്ധവിശ്വാസത്തിലേക്കോ അനാചാരങ്ങളിലേക്കോ നയിക്കുന്നില്ല. ഓരോ മതത്തിനും വിശ്വാസങ്ങൾ വ്യത്യസ്തമാണ്. ഇന്നലെകളിൽ നിലനിന്നിരുന്ന ചിലത് കാലക്രമേണ ഇല്ലാതാവുകയും മറ്റു ചിലത് ശക്തി ആർജ്ജിക്കുകയും ചെയ്തു. മനുഷ്യമനസ്സിനെ വിറപ്പിക്കുന്ന ചില വാർത്തകളാണ് നാം ഇന്ന് കേട്ടുകൊണ്ട് ഇരിക്കുന്നത്. ഉത്തർപ്രദേശിൽ ഒരു കുടുംബത്തിലെ പതിനാല് പേർ ജീവനൊടുക്കിയത് അമാനുഷിക ശക്തി ആർജ്ജിക്കാൻ വേണ്ടി ആയിരുന്നു. കുടുംബത്തിന്റെ ഐശ്വര്യത്തിനുവേണ്ടി കൊടുംവ്രതങ്ങൾ അനുഷ്ഠിക്കുന്നതും അതുകൊണ്ട് മരണപെടുകയും, ആദ്യ ഭർത്താവ് മരിക്കുമെന്ന് പ്രവചനം കേട്ട് കാമുകനെ വിഷം കൊടുത്ത് കൊന്നതും, ശിഷ്യന്റെ ക്രൂടോത്രം ഒന്നും ഫലിക്കാത്തതിന് കാരണം ഗുരു ആണെന്ന് പറഞ്ഞു ഗുരുവിനെയും

കുടുംബത്തെയും കൊലപ്പെടുത്തിയതും അങ്ങനെ എത്രയെത്ര സംഭവങ്ങൾ. ഇന്നും പുറംലോകം അറിയാത്ത എത്ര വാർത്തകൾ............നൂറുശതമാനം സാക്ഷരത കൈവരിച്ചു എന്ന് പറയുമ്പോഴും വിദ്യസമ്പന്നരെന്ന് പറയുമ്പോഴും പലപ്പോഴും നമ്മൾ സാമാന്യബുദ്ധിക്ക് പോലും നിരക്കാത്ത തീരുമാനങ്ങൾ ആണ് എടുക്കുന്നതും പ്രവർത്തിക്കുന്നതും. എന്തെങ്കിലും ഒരു രോഗം വന്നാൽ അത് ബാധ ആണെന്നും അത് ഒഴിപ്പിക്കണം എന്നും ഉള്ള ആൾദൈവങ്ങളുടെ വാക്ക് വിശ്വസിക്കുകയും, പണിയെടുക്കാതെ പൈസ ലഭിക്കാനുള്ള യന്ത്രം വീട്ടിൽ വാങ്ങി വെക്കുന്നതും, ജാതകവും പൊരുത്തവും നോക്കി സമാധാനം ഇല്ലാതാക്കുകയും ചെയുകയാണ് നമ്മൾ. അതിലും രസം ഈ രീതിയിൽ ഉള്ള എല്ലാം പറഞ്ഞു സാധാരണ മനുഷ്യരെ കബളിപ്പിക്കുന്നത് പലപ്പോഴും വിദ്യാലയങ്ങളുടെ വരാന്ത പോലും കാണാത്തവരാണ്.


ഇന്നലെകളിൽ നിന്ന് വളരെയേറെ പരിശ്രമിച്ചാണ് ഇന്ന് നമ്മൾ ഈ കാലഘട്ടത്തിൽ എത്തി നിൽക്കുന്നത്. ഇവിടെ നിന്ന് നരബലിയിലേക്കും അന്ധവിശ്വാസത്തിലേക്കും അനാചാരത്തിലേക്കും കേരളം തിരികെ നടക്കാതെ നോക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. വിശ്വാസം ഒരിക്കലും അന്ധമായി മാറാതെ ഇരിക്കണം.

## വരകൾ വർണങ്ങൾ




സൂര്യദേവ് പി കെ
9A






Surya


Soorya

## വരകൾ വർണങ്ങൾ



HADIYA FATHIMA
8G



## കാർട്ടൂൺ




RIMSHILA SHAHANI
9D



## വരകൾ വർണങ്ങൾ



നാജിയ കെ
8F



# വരകൾ വർണങ്ങൾ



സഫ്‌വാൻ കെ
8F



## വരകൾ വർണങ്ങൾ



മുർഷിദ ടി വി
8F



## വരകൾ വർണങ്ങൾ



നസ്മിയ അഫ്റിൻ
8F



ചിത്രശാല

# സ്കൂൾ വാർഷികവും യാത്രയയപ്പും
# 2025 ജനുവരി 8 ബുധൻ



















## വിടവാങ്ങിയ അധ്യാപകന്റെ സ്മരണക്ക് ഫുട്ബോൾ ലീഗ്

### പി അലി മാസ്റ്റർ സ്മാരക

# ഫ്രൻസി സോക്കർ ലീഗ്

# F S L












സഹായിച്ചവർ
സഹകരിച്ചവർ
അധ്യാപകർ
സഹപാഠികൾ
എല്ലാവർക്കും
ഹൃദയം നിറഞ്ഞ
നന്ദി




Little Kites 2023- 26 Batch